# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3106** **28.01.2014 ൽ മറുപടിക്ക്**

## ന്യായവില മെഡിക്കൽ ഷോപ്പുകൾ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) ഏതൊക്കെ താലൂക്കുകളിലാണ് സപ്ലൈകോ നടത്തുന്ന ന്യായവില മെഡിക്കൽ ഷോപ്പുകൾ ഇനിയും ആരംഭിച്ചിട്ടില്ലാത്തത്; | (എ) നിലമ്പൂർ, പീരുമേട്, റാന്നി, ആലത്തൂർ, ചിറ്റൂർ, തൃശ്ശൂർ, ചാവക്കാട്, മുകുന്ദപുരം, തിരൂരങ്ങാടി, പൊന്നാനി, പെരിന്തൽമണ്ണ, കണ്ണൂർ, തളിപ്പറമ്പ്, കാഞ്ഞങ്ങാട്, കൽപ്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി, പുനലൂർ എന്നീ താലൂക്കുകളിലാണ് നിലവിൽ മെഡിക്കൽ ഷോപ്പുകളുടെ പ്രവർത്തനം ആരംഭിക്കാത്തത്. |
| (ബി) ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായ വാടക നിരക്കിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം, അനുയോജ്യമായ ലൊക്കേഷനിൽ ലഭ്യമായിട്ടില്ലാത്തതിനാലാണ് പ്രസ്തുത താലൂക്കുകളിൽ മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിക്കാത്തത്. എന്നിരുന്നാലും പാലക്കാട്, കോഴിക്കോട് റീജിയനുകളിൽ കൂടുതൽ മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് ഇത്തരമൊരു സ്ഥാപനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ; ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത് എന്നു വ്യക്തമാക്കാമോ? | (സി) റാന്നി താലൂക്ക് ആശുപത്രിയോട് ചേർന്ന് സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കണമെന്ന ആവശ്യം അനുസരിച്ച് ആശുപത്രി അധികൃതരുടെ ഭാഗത്തു നിന്നും അനുകൂല നിർദ്ദേശം ഉണ്ടാകുന്ന മുറയ്ക്ക് മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചുരുങ്ങിയത് 150 ച.അടി വിസ്തൃതിയുള്ള കോൺക്രീറ്റ് മേൽക്കൂരയുള്ള മുറി റോഡിനഭിമുഖമായി ലഭ്യമായാൽ പ്രസ്തുത ആവശ്യം പരിഗണിക്കാവുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ